**ഭരണഭാഷ – മാതൃഭാഷ**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
ഹയർസെക്കൻഡറി വിഭാഗം,
ജഗതി ,തിരുവനന്തപുരം - 695014.
jdacad@gmail.com, ഫോൺ: 0471-2580738

നമ്പർ : HSE/21153/2024-Acd Spl2 **തീയതി: 01-01-2025**

## സർക്കുലർ

വിഷയം: പൊതുവിദ്യാഭ്യാസവകുപ്പ് - ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം - ഐ. ടി. ഗണിതലാബ് പ്രായോഗിക പരീക്ഷ സോഫ്റ്റ് വെയർ സഹായത്തോടുകൂടി നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന
1. പൊതു വിദ്യാഭ്യാസ (എസ്.സി.) വകുപ്പ് സ. ഉ. (സാധാ) നം 522/2019/പൊ.വി.വ തീയതി 08/02/2019, തിരുവനന്തപുരം
2. എസ്. സി. ഇ. ആർ. ടി. തയ്യാറാക്കിയ ഐ.ടി. ഗണിതലാബ് മാർഗരേഖ
3. പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്, സ.ഉ.(സാധാ) നം. 165/2018/പൊ.വി.വ തിരുവനന്തപുരം തീയതി : 10/01/2018
4. 01/10/2024 തീയതി ബഹു. പൊതുവിദ്യാഭ്യാസവകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വിവിധ ഡയറക്ടർമാരുടെ യോഗത്തിന്റെ മിനുട്സ്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ സർക്കുലർ നമ്പർ : HSE/21153/2024-Acd Spl2, തീയതി :09/12/2024

സൂചന (1) പ്രകാരം 2019 - 20 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ഹയർ സെക്കൻഡറി സ്കൂളിലുകളിലും

ഐ.ടി. ഗണിതലാബ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഐ. ടി. ഗണിതലാബ് നടപ്പിലാക്കിയിട്ട് അഞ്ച് വർഷം പൂർത്തിയാകുകയാണ്. 2025 മാർച്ച് മാസം നടക്കുന്ന ഐടി ഗണിത ലാബ് പ്രായോഗിക പരീക്ഷാ ചോദ്യപേപ്പർ വിതരണവും, നടത്തിപ്പും സോഫ്റ്റ് വെയർ ഉപയോഗിച്ച് ആകണം എന്ന് തീരുമാനിക്കപ്പെട്ടിട്ടുണ്ട്. ഇതിൻ പ്രകാരം 2024 ലെ അവധിക്കാല അധ്യാപക പരിശീലനത്തിൽ പരീക്ഷാ സോഫ്റ്റ്‌വെയർ എല്ലാ അധ്യാപകരെയും പരിചയപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൂചന (5) പ്രകാരം ലക്ഷദ്വീപ്, ഗൾഫ്, മാഹി ഉൾപ്പെടെയുള്ള എല്ലാ അധ്യാപകർക്കും ഓൺലൈനായി പരീക്ഷാ സോഫ്റ്റ്‌വെയർ വീണ്ടും പരിചയപ്പെടുത്തി പരിശീലനം നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രായോഗിക പരീക്ഷയുടെ മാതൃകാ പരീക്ഷകൾ ഈ പരിഷ്കരിച്ച സോഫ്റ്റ്‌വെയറുടെ സഹായത്തോടുകൂടി നടത്തണമെന്ന് നിർദ്ദേശിക്കുന്നു. പരീക്ഷ നടത്തിപ്പ് സോഫ്റ്റ് വെയറിലൂടെ മാറുന്ന ആദ്യ വർഷം ആയതുകൊണ്ട് 2025 ജനുവരി - ഫെബ്രുവരി മാസത്തെ പ്രായോഗിക പരീക്ഷയിൽ ഒന്നാം വർഷത്തിൽ നിന്നും രണ്ടാം വർഷത്തിൽ നിന്നും 4 ലാബുകൾ വീതം ആകെ 8 ലാബുകൾ മൂല്യനിർണയത്തിനായി പരിഗണിച്ചാൽ മതി.

തുടർന്നു വരുന്ന അധ്യയന വർഷങ്ങളിൽ മൂല്യനിർണയത്തിനായി പരിഗണിക്കേണ്ട ലാബുകളുടെ എണ്ണം പിന്നീട് അറിയിക്കുന്നതാണ്.

Signed by
Shajitha S
Date: 01-01-2025 18:17:19

ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ടി

ഗണിത ശാസ്ത്രം പ്രാക്ടിക്കൽ പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറും ട്രയൽ പരീക്ഷ നടത്തുന്നതിനുള്ള ചോദ്യങ്ങളും ഇതോടൊപ്പം നൽകിയിരിക്കുന്ന **Google Drive**-ൽ ഉൾച്ചേർത്തിട്ടുണ്ട് ( **Link** ചുവടെ ഉൾച്ചേർത്തിട്ടുണ്ട്).

https://kite.kerala.gov.in/KITE/uploads/Commerce_MathLab_Demo_Exam_2025.zip

https://kite.kerala.gov.in/KITE/uploads/Science_MathLab_Demo_Exam_2025.zip